## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 380 — 16.03.2017-ൽ മറുപടിക്ക്.

### അസംഘടിതതൊഴിലാളികൾക്ക് വേതന സുരക്ഷയും പാർപ്പിട സൗകര്യവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി<br>,, കെ. ദാസൻ<br>,, എസ്.രാജേന്ദ്രൻ<br>,, ജോർജ് എം. തോമസ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുന്നതിനും വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്കുകൾ വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി 25.08.2015–ൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ പൂർത്തിയാക്കിയതിനെത്തുടർന്ന് ഇത് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി തുടങ്ങിയി ട്ടുണ്ട്. ടി പദ്ധതി വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948 ലെ മിനിമം വേതന നിയമപ്രകാരവും 1936 ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നു ണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ ആയിതന്നെ പ രിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന തൊഴിൽ ഉടമകൾക്കെതിരെ സ്ഥാപന പരിശോധന കൂടാതെതന്നെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്ക് പാർപ്പിടം നിർമ്മിച്ചു നൽകുന്നതിനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്ക് പാർപ്പിടം നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ 296 ഫ്ളാറ്റുകളുടെയും (715 സ്ക്വയർ ഫീറ്റ്) ഇടുക്കി ജില്ലയിലെ അടിമാലിയിൽ 216 ഫ്ളാറ്റുകളുടെയും (645 സ്ക്വയർ ഫീറ്റ്) നിർമ്മാണം പുരോഗമിച്ചു വരുന്നു. ഈ രണ്ട് സ്കീമുകളിലുമുള്ള അപ്പാർട്ട്മെന്റുകൾക്ക് 2 ബഡ്റൂം, ഡ്രോയിംഗ് കം ഡൈനിംഗ്, അടുക്കള, ബാത്ത്റൂം എന്നീ സൗകര്യങ്ങൾ ഉണ്ട്. പെരുമ്പാവൂരിൽ നടപ്പിലാക്കുന്ന പാർപ്പിട പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 2018-ഓടുകൂടിയും അടിമാലിയിലെ ഗുണഭോക്താക്കൾക്ക് 2017-നോടുകൂടിയും പാർപ്പിടം പൂർത്തീകരിച്ച് കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്ലാന്റേഷൻ മേഖലയിൽ സ്വന്തമായി വീടില്ലാത്ത തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനും മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനും നിലവിലെ ലയങ്ങൾ നവീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ഭവനം പദ്ധതിയുടെ ഭാഗമായി തോട്ടം മേഖലയിൽ "സ്വന്തം വീട് സ്കീം" നടപ്പിലാക്കുവാനുള്ള അനുമതിക്കായി ഭവനം ഫൗണ്ടേഷൻ തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു. ഈ സ്കീം അനുസരിച്ച് സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് 400 സ്ക്വയർ ഫീറ്റ് ഉള്ള വ്യക്തിഗത വീടുകളും സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 400 സ്ക്വയർ ഫീറ്റ് ഉള്ള അപ്പാർട്ട്മെന്റുകളും നിർമ്മിച്ചു നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ